# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **4497** **27.06.2013** - ലെ മറുപടിയ്ക്ക്

## ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കൊയിലാണ്ടി ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; അടിയന്തിരമായി ഈ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കൊയിലാണ്ടി ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരം റിവൈസ് ചെയ്ത്, അടിയന്തിരമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കുന്ന കൊയിലാണ്ടി കോടതി കെട്ടിടത്തിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; ഈ പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (ബി) കൊയിലാണ്ടി കോടതി കെട്ടിടത്തിന് 23.07.2013 അവസാന ദിവസമായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ പ്രവൃത്തി തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Mayed

**സെക്ഷൻ ഓഫീസർ**